(9) ഇരിഞ്ഞാലക്കുട മണ്ഡലത്തിലെ തൊമ്മാന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട വേളൂർക്കര പഞ്ചായത്തിലെ തൊമ്മാന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി ആറ് കൊല്ലങ്ങൾക്കുമുൻപ് തുടങ്ങിയതാണ്. മൂന്നുകൊല്ലം മുൻപ് ഇതിന്റെ പണി പൂർത്തിയായി. 80 ലക്ഷം രൂപയോളം ഇതിനകം ചെലവഴിച്ചു. കുറച്ചു പൈപ്പുകൾ കിട്ടാത്തതുമൂലം പദ്ധതി ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല. ഇറിഗേഷൻ വകുപ്പിന്റെ കെടുകാര്യസ്ഥതമൂലമാണ് തൊമ്മാന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് കാലതാമസമുണ്ടായത്. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്ത് ഇതുപോലെ പ്രവർത്തനം തുടങ്ങാത്ത നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. കൊടകര നിയോജകമണ്ഡലത്തിൽപ്പെട്ട പാലാഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് 20 വർഷം കഴിഞ്ഞു. മൂന്ന് മോട്ടോറുകൾ വയ്ക്കാത്തതുകൊണ്ട് ഈ പദ്ധതി പ്രവർത്തിച്ചിട്ടില്ല. ഇത്തരം കാലതാമസങ്ങളൊഴിവാക്കി പദ്ധതികൾ പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ലിഫ്റ്റ് ഇറിഗേഷന്റെ പണിയൊക്കെ പൂർത്തിയാക്കാൻ സത്വര നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാനും അഭ്യർത്ഥിക്കുന്നു. ഇരിഞ്ഞാലക്കുട മണ്ഡലത്തിലെ വേളൂർക്കര പഞ്ചായത്തിലെ തൊമ്മാന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അവിടത്തെ ഗ്രാമത്തിലേക്ക് ജലസേചന സൗകര്യമേർപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ്. 1994 മാർച്ചിൽ പദ്ധതിക്ക് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകി പണികൾ ആരംഭിച്ചു. നബാർഡിന്റെ സഹായവും ഇതിന് ലഭിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനും മോട്ടോറും പമ്പും വാങ്ങി സ്ഥാപിക്കുകയെന്നത് ഒഴിച്ച് ബാക്കിയെല്ലാ പണികളും കഴിഞ്ഞു. ഇലക്ട്രിഫിക്കേഷനുള്ള കാലതാമസവും ആവശ്യമായ പമ്പും മോട്ടോറും ലഭ്യമാക്കാനുള്ള ചില സാങ്കേതിക തടസ്സങ്ങളും കാരണമാണ് പദ്ധതിയുടെ പൂർത്തീകരണം മുടങ്ങിയത്. ഈ ഏപ്രിൽ മാസത്തോടുകൂടി പദ്ധതി പൂർത്തീകരിച്ച് ജലസേചന സൗകര്യമേർപ്പെടുത്താൻ കഴിയും. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ചെറുകിട ജലസേചന പദ്ധതികളുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് അവയുടെ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാത്ത ഒരു സ്ഥിതിയാണ് കഴിഞ്ഞ രണ്ടു വർഷമായി നിലനിൽക്കുന്നത്.

(10) തണ്ണീർമുക്കം ബണ്ടിന്റെ 31 ഷട്ടറുകൾ പുതുക്കി സ്ഥാപിക്കുന്നത് സംബന്ധിച്ച്

ഡോ. കെ. സി. ജോസഫ് : സർ, കുട്ടനാട് മേഖലയിൽ 1,35,000 ഏക്കർ നെൽകൃഷി ഓരുവെള്ളം കയറി നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടിയാണ് തണ്ണീർമുക്കം ബണ്ടുണ്ടാക്കിയത്. അതിൽ 62 ഷട്ടറുകൾ കേടായത് അടിയന്തിരമായി റിപ്പയർ ചെയ്യണമെന്നുള്ള പൊതുവായ ആവശ്യത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly